# മാധ്യമങ്ങളും സ്ത്രീനീതിയും

എഴുത്ത് : എൻ. സുസ്മിത

മാധ്യമങ്ങളിൽ സ്ത്രീകൾക്ക് നീതിപൂർവ്വകവും സമതുലിതവുമായ പരിഗണന എന്നത് മനുഷ്യാവകാശമാണ് എന്ന തിരിച്ചറിവ് ഇനിയും വേണ്ടത്ര ഉണ്ടായിട്ടില്ലെന്നാണ് ആഗോള മാധ്യമ പഠനങ്ങൾ വ്യക്തമാക്കുന്നത്. ഇന്ത്യയിലെ സ്ഥിതി വ്യത്യസ്തമല്ലെന്ന് പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല.

ഐക്യരാഷ്ട്ര സഭയുടെ സ്ത്രീകൾക്കായുള്ള കമ്മീഷൻ 1995-ൽ ബീജിങ്ങിൽ സംഘടിപ്പിച്ച നാലാമത് അന്താരാഷ്ട്ര സമ്മേളനം മുന്നോട്ടുവച്ച ലക്ഷ്യങ്ങൾ ഇവയായിരുന്നു - മാധ്യമങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തവും ലഭ്യതയും വർധിപ്പിക്കുക, തീരുമാനം എടുക്കുന്ന സ്ഥാനങ്ങളിലെ സാന്നിധ്യം വർധിപ്പിക്കുക, സമതുലിതവും പരമ്പരാഗത വാർപ്പു മാതൃകകളിൽ അല്ലാത്തതുമായ ചിത്രീകരണം പ്രോത്സാഹിപ്പിക്കുക. ഇത് എത്രകണ്ട് സാക്ഷാത്കരിച്ചിട്ടുണ്ടെന്ന് 17 വർഷങ്ങൾക്കിപ്പുറം വിലയിരുത്തുമ്പോൾ വലിയ സംതൃപ്തിക്ക് വകയില്ല. മാധ്യമങ്ങളിൽ സ്ത്രീകൾക്ക് നീതിപൂർവ്വകവും സമതുലിതവുമായ പരിഗണന എന്നത് മനുഷ്യാവകാശമാണ് എന്ന തിരിച്ചറിവ് ഇനിയും വേണ്ടത്ര ഉണ്ടായിട്ടില്ലെന്നാണ് ആഗോള മാധ്യമ പഠനങ്ങൾ വ്യക്തമാക്കുന്നത്. ഇന്ത്യയിലെ സ്ഥിതി വ്യത്യസ്തമല്ലെന്ന് പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല.

**എന്തുകൊണ്ട് മാധ്യമങ്ങൾ**

ഇന്ന് മാധ്യമങ്ങൾ സർവ്വവ്യാപിയാണ്. ടെലിവിഷൻ, റേഡിയോ, പത്രം, ആനുകാലികങ്ങൾ, ഇന്റർനെറ്റ് തുടങ്ങി വിവിധ രൂപങ്ങളിൽ അവ എവിടെയും നിറഞ്ഞു നിൽക്കുന്നു. മൊബൈൽ ഫോണുകളിലൂടെയും പോർട്ടബിൾ കമ്പ്യൂട്ടറുകളിലൂടെയും എവിടെ വച്ചും എപ്പോഴും അവ നിങ്ങൾക്ക് ലഭ്യമാണ്. മാധ്യമങ്ങളുടെ സാന്നിധ്യമോ സ്വാധീനമോ പലപ്പോഴും തിരിച്ചറിയപ്പെടുന്നില്ല. അത്രയ്ക്കും ആധുനിക ജീവിതത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞു അവ. കുടുംബം, സമൂഹം, മതം, ഔപചാരിക വിദ്യാഭ്യാസം മുതലായവ പണ്ടു നിർവ്വഹിച്ചിരുന്ന പല ധർമ്മങ്ങളും ഇന്ന് മാധ്യമങ്ങളാണ് നിർവ്വഹിക്കുന്നത്. വിവരവും വിജ്ഞാനവും വിനിമയം ചെയ്യുക മാത്രമല്ല അവ ചെയ്യുന്നത്. മൂല്യങ്ങളും നിബന്ധനകളും രൂപപ്പെടുത്തുക, മനോഭാവങ്ങളും പെരുമാറ്റവും വാർത്തെടുക്കുക, ജീവിതരീതിയെത്തന്നെ സ്വാധീനിക്കുക - മാധ്യമങ്ങളുടെ പങ്ക് മുമ്പെന്നത്തേക്കാളും വർധിച്ചിരിക്കുന്നു. നാം എന്തു ചിന്തിക്കുന്നു എന്തു പ്രവർത്തിക്കുന്നു എങ്ങനെയൊക്കെ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നു എന്നിവയെയൊക്കെ സ്വാധീനിക്കുന്ന

സാംസ്കാരികാന്തരീക്ഷം നെയ്തെടുക്കുന്നതിൽ നമുക്കു ചുറ്റും രാപകലില്ലാതെ പ്രവർത്തിക്കുന്ന മാധ്യമങ്ങൾക്ക് വലിയ പങ്കുണ്ട്.

**ലിംഗനീതിയുടെ മാനങ്ങൾ**

മാധ്യമങ്ങളും ലിംഗനീതിയും എന്ന വിഷയത്തിന് പല മാനങ്ങളുണ്ട്. ഒന്ന് മാധ്യമങ്ങളുടെ ഉള്ളടക്കത്തിലും ചിത്രീകരണത്തിലും സ്ത്രീയ്ക്ക നീതി കിട്ടുന്നുണ്ടോ എന്നത്. രണ്ടാമതായി മാധ്യമങ്ങളുടെ നടത്തിപ്പിലും തീരുമാനങ്ങൾ കൈക്കൊള്ളുന്നതിലും സ്ത്രീകൾക്ക് എത്രത്തോളം പങ്കുണ്ട് എന്ന കാര്യം. മൂന്നാമതായി വായനക്കാരും പ്രേക്ഷകരും എന്ന നിലയിൽ അവർക്ക് മാധ്യമങ്ങൾ എന്തു നൽകുന്നു എന്ന പ്രശ്നം. നാലാമതായി മാധ്യമനിയമങ്ങൾ സ്ത്രീകളുടെ ജീവിതത്തെ എങ്ങനെ ബാധിക്കുന്നു എന്ന കാര്യം. മാധ്യമങ്ങൾ എന്നത് വളരെ വിശാലമായ ഒരു കാൻവാസ് ആണെന്നതു കൊണ്ടുതന്നെ പ്രധാനമായും വാർത്താ മാധ്യമങ്ങളെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്.

**ഉള്ളടക്കത്തിലെ വിവേചനം**

ഇതിൽ ഉള്ളടക്കവും ചിത്രീകരണവും സംബന്ധിച്ച വിഷയങ്ങളാണ് ഏറ്റവുമധികം ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതെന്ന് തോന്നുന്നു. എന്നാൽ, സാമാന്യമായ അനുമാനങ്ങൾക്കപ്പുറം കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ ഇക്കാര്യത്തിൽ ലഭ്യമായിരുന്നില്ല. 2010-ൽ ഗ്ളോബൽ മീഡിയ മോണിറ്ററിങ്ങ് പ്രോജക്ട് എന്ന അതിവിപുലമായ ഒരു ഗവേഷണ പരിപാടി ഇന്ത്യയുൾപ്പെടെ 108 രാജ്യങ്ങളിൽ നടന്നു. ഒരൊറ്റ ദിവസം ലോകത്താകമാനമുള്ള വിവിധ മാധ്യമങ്ങൾ സ്ത്രീകളെ എങ്ങനെ ചിത്രീകരിച്ചു എന്ന പഠനമായിരുന്നു നടന്നത്. ഇതിൽ നിന്നു കിട്ടിയ വിവരമനുസരിച്ച് ലോകത്താകെ വാർത്തകളിലെ സ്തീ സാന്നിധ്യം കേവലം 24 ശതമാനമാണ്. ഇന്ത്യയിൽ 22 ശതമാനവും. സ്ത്രീകളെ പ്രധാന വിഷയമായി സമീപിക്കുന്ന വാർത്തകൾ ലോകത്ത് 13 ശതമാനമാണെങ്കിൽ ഇന്ത്യയിലിത് 12 ശതമാനമാണ്. രാഷ്ട്രീയത്തിൽ 18 ശതമാനവും സാമ്പത്തിക കാര്യങ്ങളിൽ 10 ശതമാനത്തിൽ താഴെയുമാണ് ഇന്ത്യയിൽ സ്ത്രീ സാന്നിധ്യം. ഭരണകക്ഷിയുടെയും പ്രതിപക്ഷത്തിന്റെയും പ്രധാന നേതാക്കൾ സ്ത്രീകളായിട്ടുള്ള ഒരു രാജ്യത്താണിതെന്നതാണ് വിശേഷം. ഇനി സ്ത്രീകൾ കാണപ്പെടുന്നത് എവിടെയൊക്കെയെന്ന് നോക്കാം - ക്രൈം 43%, ആരോഗ്യം 51%, പരിസ്ഥിതിയും മലിനീകരണവും 33%, ദാരിദ്ര്യം, സാമൂഹികക്ഷേമം 34%, വിദ്യാഭ്യാസം 38%. ലിംഗസമത്വം എന്ന വിഷയം കൈകാര്യം ചെയ്ത വാർത്തകൾ കേവലം അഞ്ചു ശതമാനം മാത്രം. ഏതെങ്കിലും വിഷയത്തിൽ വിദഗ്ധാഭിപ്രായം നൽകുന്നയാളായി സ്ത്രീകൾ

പ്രത്യക്ഷപ്പെടുന്നത് അഞ്ചിൽ ഒന്ന് വാർത്തകളിൽ മാത്രം. സ്ത്രീകളെ അവരുടെ ശാരീരിക സവിശേഷതകൾ, പ്രായം, കുടുംബം എന്നിവയുമായി ബന്ധപ്പെടുത്തി റിപ്പോർ്ട്ട് ചെയ്യുന്ന പ്രവണതയ്ക്ക് ഇപ്പോഴും മാറ്റം വന്നിട്ടില്ലെന്നും പഠനം വ്യക്തമാക്കി. 30 ശതമാനം സ്ത്രീകൾ ഇത്തരത്തിൽ അവതരിപ്പിക്കപ്പെട്ടപ്പോൾ അഞ്ച് ശതമാനം പുരുഷന്മാർ മാത്രമാണ് ഇങ്ങനെ ചിത്രീകരിക്കപ്പെട്ടത്.

വാർത്തകളുടെ ഭാഷ, അവതരണരീതി, ചിത്രങ്ങൾ മുതലായവയിലും കാണാം വിവേചനം. മലയാള പത്രങ്ങളിൽ ചരമക്കോളം മുതൽ കായികരംഗം വരെ ഏതെടുത്തു പരിശോധിച്ചാലും ഇത്തരത്തിൽ നിരവധി ഉദാഹരണങ്ങൾ കണ്ടെത്താം. ആക്രമിക്കപ്പെടുന്ന സ്ത്രീകളെ തിരിച്ചറിയുന്ന വിധം വ്യക്തിവിവരങ്ങൾ നൽകരുതെന്ന പ്രാഥമിക പാഠം പോലും ലംഘിക്കപ്പെടുന്നു. സൂര്യനെല്ലി പെകുട്ടിയെപ്പറ്റി അടുത്തയിടെ വന്ന വാർത്തകൾ തന്നെ ഉദാഹരണം. പീഡനങ്ങളും അതിക്രമങ്ങളും വാർത്തയാക്കുമ്പോൾ ഒരു തരം ഒളിഞ്ഞുനോട്ടത്തിന്റെ സുഖമാണ് റിപ്പോർട്ടറും വായനക്കാരനും അനുഭവിക്കുന്നതെന്ന് പലപ്പോഴും തോന്നാറുണ്ട്.

**ആഗോളവൽക്കരണ കാലത്തെ മാറ്റം**

ആഗോളവൽക്കരണത്തിന്റെ കുത്തൊഴുക്ക് മാധ്യമലോകത്തിന്റെ കവാടങ്ങൾ തള്ളിത്തുറന്ന് തീരം തകർക്കുകയും പലപ്പോഴും ഗതി മാറ്റി ഒഴുക്കുകയും ചെയ്യുന്നതാണ് കഴിഞ്ഞ രണ്ടു ദശാബ്ദക്കാലത്ത് നാം കണ്ടത്. നിർഭാഗ്യവശാൽ ലിംഗനീതിയുടെ കാര്യത്തിൽ ഇത് ഗുണത്തേക്കാളേറെ ദോഷമാണ് ചെയ്തത്. മാധ്യമലോകത്തെ കഴുത്തറുപ്പൻ മത്സരത്തിൽ മുങ്ങിപ്പോവുകയാണ് പലപ്പോഴും നീതിയും ന്യായവുമൊക്കെ. വാർത്ത ബ്രേക്ക് ചെയ്യാനുള്ള തത്രപ്പാടിൽ എല്ലാ അടിസ്ഥാന മര്യാദകളും മറന്നുപോവുന്നു. ഇലക്ട്രോണിക് മാധ്യമങ്ങളിലാകട്ടെ പലപ്പോഴും എഡിറ്റിങ്ങ് എന്ന പ്രക്രിയ തന്നെ നടക്കുന്നില്ല എന്നതു കൊണ്ട് റിപ്പോർട്ടറുടെ മനോധർമ്മപ്രകടനമാണ് കാണുന്നത്. ഒരു തരത്തിലുള്ള അരിപ്പകളിലൂടെയും കടന്നു പോകാത്ത ഇത്തരം വാർത്തകൾ മാധ്യമധർമ്മത്തെ തന്നെ അപായത്തിലാക്കുന്നു.

കണ്ണീർ പരമ്പരകൾ കുടുംബങ്ങളിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് നിരവധി ആക്ഷേപങ്ങൾ ഉയരാറുണ്ട്. ഇന്ത്യൻ ടെലിവിഷനിൽ പരമ്പരകളുടെ ആദ്യകാലം എങ്ങനെയായിരുന്നു എന്ന് ഓർക്കുന്നത് നന്നായിരിക്കും. 'ഉഡാൻ' പോലെ സ്ത്രീ ശാക്തീകരണത്തിന്റെ ശക്തമായ സന്ദേശങ്ങൾ പകരുന്ന പരമ്പരകൾ ഭാഷയുടെ അതിർവരമ്പുകൾ പോലുമില്ലാതെ ജനങ്ങൾ ഏറ്റെടുത്തിരുന്ന ഒരു ഭൂതകാലത്തിൽ നിന്നാണ് ആധുനിക വേഷവും പിന്തിരിപ്പൻ കാഴ്ചപ്പാടുമുള്ള പുതിയ പരമ്പരകളുടെ കാലം പിറന്നത് എന്നതിൽ ഖേദിക്കാതെ വയ്യ. കഴിഞ്ഞ രണ്ടു ദശാബ്ദമായി ഇന്ത്യയിലെ

സാധാരണക്കാരായ സ്ത്രീകൾ സാമൂഹികമായും സാമ്പത്തികമായും ഏറെ മുന്നോട്ടു പോയപ്പോഴാണ് മാധ്യമങ്ങൾ ഈ തിരിച്ചുപോക്ക് നടത്തുന്നതെന്നത് ശ്രദ്ധേയമാണ്. വിഷയങ്ങൾ തിരഞ്ഞെടുക്കുന്നതിലും അവതരിപ്പിക്കുന്നതിലുമുള്ള ഈ വിവേചനം കേവലം സ്ത്രീകളുടെ മാത്രം പ്രശ്നമായി കാണാനാവില്ല. ഇത് ആകെയുള്ള മനുഷ്യാവകാശ പ്രശ്നങ്ങളുടെ ഒരു ഭാഗമാണ്. സ്ത്രീയെ എന്ന പോലെ പുരുഷനേയും ചില പരമ്പരാഗത വാർപ്പു മാതൃകകളിൽ തളച്ചിടുകയാണ് മാധ്യമങ്ങൾ ചെയ്യുന്നത്.

**മാധ്യമങ്ങളിലെ സ്ത്രീ**

മാധ്യമരംഗത്ത് പണിയെടുക്കുന്ന സ്ത്രീകളുടെ എണ്ണത്തിൽ വർധനയുണ്ടായിട്ടുണ്ട്. എന്നാൽ, തീരുമാനങ്ങളെടുക്കാനും മാധ്യമനയത്തെ സ്വാധീനിക്കാനും ഇവർക്ക് എത്രത്തോളം കഴിയുന്നു എന്ന ചോദ്യം അവശേഷിക്കുന്നു. തുല്യജോലിക്ക് തുല്യ വേതനം പോലും ലഭിക്കാത്ത ഒരു വിഭാഗമാണ് ഇന്നും മാധ്യമപ്രവർത്തകരായ സ്ത്രീകൾ. സ്ത്രീകൾക്ക് വേണ്ടി എന്ന ലേബലിൽ ഇറങ്ങുന്ന പ്രസിദ്ധീകരണങ്ങളിൽ പോലും ഉള്ളടക്കവും സമീപനവും തീരുമാനിക്കുന്നത് അന്നും ഇന്നും പുരുഷന്മാരാണ്. ഇന്ന് ഒരു പടി കൂടി കടന്ന് കമ്പോളവും പരസ്യക്കാരുമാണ് എന്നു പറയാം. വാർത്തയും പരസ്യവും തമ്മിലുള്ള അതിർവരമ്പ് നേർത്തില്ലാതാവുകയും വായനക്കാരന്/കാഴ്ചക്കാരന് അത് തിരിച്ചറിയാൻ കഴിയാതാവുകയും ചെയ്യുന്ന കാലഘട്ടമാണിത്. ഒരോ മാധ്യമ സ്ഥാപനവും തങ്ങളുടെ വനിതാ നയം പ്രഖ്യാപിക്കണമെന്ന ആവശ്യം നെറ്റ് വർക്ക് ഓഫ് വിമെൻ ഇൻ മീഡിയ ഉയർത്തിയത് ഈ പശ്ചാത്തലത്തിലാണ്.

**വായനക്കാരുടെ പങ്ക്**

സ്ത്രീകൾ ഉൾപ്പടെ സമൂഹത്തിലെ ഓരോ വിഭാഗത്തോടും മാധ്യമങ്ങൾ എടുക്കുന്ന നിലപാടിൽ വായനക്കാർ/പ്രേക്ഷകർ എന്ന നിലയിൽ സമൂഹത്തിന് അഭിപ്രായങ്ങളും നിലപാടുകളുമുണ്ട്. എന്നാൽ, ശക്തമായ ചില സമ്മർദ്ദ ഗ്രൂപ്പുകൾ ഒഴികെയുള്ള ഭൂരിപക്ഷത്തിന്റെ അഭിപ്രായങ്ങൾ പലപ്പോഴും മാധ്യമങ്ങളിലേക്ക് എത്തുന്നതേയില്ല. വിശേഷിച്ചും സ്ത്രീകളുടേത്. അങ്ങനെ എത്തിക്കാൻ കഴിഞ്ഞിട്ടുള്ളപ്പോൾ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്നതും ഓർക്കണം. തങ്ങൾക്ക് ആവശ്യമുള്ളതല്ല മാധ്യമങ്ങൾ നൽകുന്നതെങ്കിൽ അത് ശക്തമായി അവരെ അറിയിക്കാനും തിരുത്തൽ ശക്തിയാകാനും വായനക്കാരുടെ/ പ്രേക്ഷകരുടെ സമൂഹങ്ങൾക്ക് കഴിയണം. മാധ്യമങ്ങളുടെ വികേന്ദ്രീകരണവും ജനാധിപത്യവൽക്കരണവും ആണ് പോംവഴി.

**മാധ്യമ നിയമങ്ങൾ**

നിയമങ്ങൾ എങ്ങനെയാണ് ലിംഗനീതിയുടെ കാര്യത്തിൽ ഇടപെടുന്നത് എന്നത് വളരെ പ്രസക്തമാണ്. സ്ത്രീകളെ അപമാനിക്കുന്നതും മോശമായി ചിത്രീകരിക്കുന്നതും തടയാൻ നിയമമമുണ്ട്. എന്നാൽ ഈ നിയമപ്രകാരം കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തത് ആകെ 113 കേസുകളാണ്. മിക്ക ജില്ലകളിലും വിരലിൽ എണ്ണാവുന്ന കേസുകൾ മാത്രം. മാധ്യമങ്ങളുടെ അനുദിനം മാറുന്ന സാങ്കേതിക വിദ്യകൾ ഉയർത്തുന്ന വെല്ലുവിളി ചെറുതല്ല. ഇന്റർനെറ്റും മൊബൈൽ ഫോണും അടക്കമുള്ള നവമാധ്യമങ്ങൾ സ്ത്രീവിരുദ്ധമായി ഉപയോഗിക്കപ്പെടുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ നാം കണ്ടു കഴിഞ്ഞു. ഇത്തരം കേസുകളിൽ 80 ശതമാനവും സ്ത്രീകളെ അപകീർത്തിപ്പെടുത്തുന്നതാണെന്ന് പോലീസിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. എന്നാൽ, കേസെടുക്കാനോ കുറ്റക്കാരെ കണ്ടെത്തി ഫലപ്രദമായി ശിക്ഷിക്കാനോ കഴിയുന്നില്ല. നിലവിലുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പാക്കുകയും പുതിയ സാഹചര്യങ്ങളെ നേരിടാൻ ആവശ്യമായ ഭേദഗതികൾ വരുത്തുകയും അത്യാവശ്യമായിരിക്കുന്നു.

മാതൃഭൂമി ചീഫ് റിപ്പോർട്ടറായ ലേഖിക ദേശീയ മാധ്യമദിനത്തിന്റെ ഭാഗമായി കേരള പ്രസ്അക്കാദമിയും കണ്ണൂർ പ്രസ്ക്ളബ്ബും സംയുക്തമായി നടത്തിയ മാധ്യമ സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധം. ലേഖികയുടെ ഇ-മെയ്ൽ: susmithn@gmail.comശബ്ദതാരാവലി